# ഗാന്ധിയും സയണിസവും

വീക്ഷണവിശേഷം ● **പ്രഫ. എ.കെ രാമകൃഷ്ണൻ**

**ഫലസ്ത്വീൻ** ജൂതകുടിയേറ്റക്കാരും അറബ് ഫലസ്ത്വീനികളും തമ്മിൽ അതിരൂക്ഷമായ സംഘർഷത്തിലേർപ്പെട്ടുകൊണ്ടിരിക്കെ, 1938 നവംബർ 11ന് തന്റെ പ്രശസ്തമായ *ഹരിജനി*ലെഴുതിയ മുഖപ്രസംഗത്തിലാണ് മഹാത്മാ ഗാന്ധി ഫലസ്ത്വീൻ-ജൂതപ്രശ്നത്തോടുള്ള തന്റെ ശ്രദ്ധേയമായ നിലപാട് വ്യക്തമാക്കുന്നത്.

ഈ പ്രശ്നത്തിൽ തന്റെ നിലപാട് വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള സമ്മർദത്തിന്റെ (വിശിഷ്യാ ജൂതപക്ഷത്തുനിന്നുള്ള) പശ്ചാത്തലത്തിലാണ് ഗാന്ധിജി അത് തുറന്നു പറഞ്ഞത്. അതിനാൽതന്നെ നീണ്ട വർഷക്കാലം കിരാതവും മനുഷ്യത്വ വിരുദ്ധവുമായ നടപടികൾക്കും പീഡനങ്ങൾക്കും വിധേയരായ ഒരു വിഭാഗമെന്ന നിലയിൽ തന്റെ അനുതാപം മുഴുവൻ ജൂതരോടൊപ്പമുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസ്തുത മുഖപ്രസംഗം ആരംഭിക്കുന്നത്.

"പക്ഷേ, എന്റെ അനുതാപം നീതിയുടെ തേട്ടത്തിനു നേരെ കണ്ണടക്കാൻ എനിക്ക് പ്രേരണയാവുന്നില്ല; ഒരു മാതൃരാഷ്ട്രത്തിനു വേണ്ടിയുള്ള ജൂതരുടെ മുറവിളി എന്നെ ഒരുനിലക്കും ആകർഷിക്കുന്നില്ല. ഭൂമിയിലെ മറ്റുള്ള ജനതതികളെ പോലെ ജൂതന്മാർക്ക് അവർ എവിടെയാണോ ജനിച്ചത്, എവിടെയാണോ ജീവിതവിഭവം തേടുന്നത് ആ രാഷ്ട്രം എന്തുകൊണ്ട് മാതൃരാഷ്ട്രമായി പരിഗണിച്ചുകൂടാ?"- ഗാന്ധിജി ചോദിച്ചു. അപ്രകാരം രാഷ്ട്രീയ സയണിസത്തിന്റെ അടിസ്ഥാനയുക്തിയെ ഗാന്ധി ചോദ്യം ചെയ്തു. 'ബൈബിൾ സങ്കൽപത്തിലെ ഫലസ്ത്വീൻ ഭൂമിശാസ്ത്രപരമായ പ്രദേശമല്ലെന്ന്' ചൂണ്ടിക്കാണിച്ചുകൊണ്ടാണ് വാഗ്ദത്ത ഭൂമിയിലെ ജൂതരാഷ്ട്രം എന്ന ആശയത്തെ ഗാന്ധി തിരസ്കരിച്ചത്.

**"പക്ഷേ, എന്റെ അനുതാപം നീതിയുടെ തേട്ടത്തിനു നേരെ കണ്ണടക്കാൻ എനിക്ക് പ്രേരണയാവുന്നില്ല; ഒരു മാത്വരാഷ്ട്രത്തിനു വേണ്ടിയുള്ള ജൂതരുടെ മുറവിളി എന്നെ ഒരുനിലക്കും ആകർഷിക്കുന്നില്ല. ഭൂമിയിലെ മറ്റുള്ള ജനതതികളെ പോലെ ജൂതന്മാർക്ക് അവർ എവിടെയാണോ ജനിച്ചത്, എവിടെയാണോ ജീവിതവിഭവം തേടുന്നത് ആ രാഷ്ട്രം എന്തുകൊണ്ട് മാത്വരാഷ്ട്രമായി പരിഗണിച്ചുകൂടാ?"- ഗാന്ധിജി ചോദിച്ചു.**

ഫലസ്ത്വീനെ കോളനിവത്കരിക്കുകയെന്ന നയത്തിന് തുടക്കംകുറിച്ചതിനും, 1917ലെ ബാൽഫർ പ്രഖ്യാപനത്തിലൂടെ ബ്രിട്ടന്റെ അംഗീകാരം നേടിയെടുത്തതിനും ശേഷം ഫലസ്ത്വീനിൽ ജൂതർക്ക് സ്വന്തമായൊരു രാഷ്ട്രത്തിന്റെ സംസ്ഥാപനത്തിന് അന്താരാഷ്ട്ര സമൂഹത്തിന്റെ പിന്തുണ നേടിയെടുക്കാൻ സയണിസ്റ്റുകൾ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു. സാമ്രാജ്യത്വ ശക്തികൾക്കെതിരെ അഹിംസാരീതിയിലൂടെ ദേശീയ സമരം നയിച്ച നായകനെന്ന നിലയിൽ പ്രശസ്തനായിത്തീർന്ന ഗാന്ധിയുടെ പിന്തുണ, തങ്ങളുടെ ജൂതരാഷ്ട്ര നിർമിതിക്ക് ഏറെ ഫലംചെയ്യുമെന്ന് സയണിസ്റ്റുകൾ കണക്കുകൂട്ടി. സയണിസത്തിന് ഗാന്ധിയുടെ അംഗീകാരം നേടാനായി ജൂത നേതാക്കന്മാർ ഏറെ യത്നിക്കുകയും ചെയ്തു. എന്നാൽ രാഷ്ട്രീയവും മതപരവുമായ കാരണങ്ങളാൽ ഗാന്ധി സയണിസ്റ്റ് പദ്ധതിയുടെ നേർ എതിർപക്ഷത്താണ് നിലയുറ

പ്പിച്ചത്. ജൂത രാഷ്ട്ര സംസ്ഥാപനത്തിന്റെ പേരിൽ ഫലസ്തീനികൾക്കു മേൽ രാഷ്ട്രം അടിച്ചേൽപിക്കാനുള്ള ഫലസ്തീനിലെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ശ്രമത്തെ അദ്ദേഹം നിശിതമായി എതിർത്തു. *ഹരിജനി*ലെ മുഖപ്രസംഗം ഫലസ്തീനിലെ അറബികളുടെ അവകാശത്തെ ഊന്നിപ്പറയുന്നതായിരുന്നു. അദ്ദേഹം എഴുതി: “ഫ്രാൻസ് ഫ്രഞ്ചുകാരുടേതായതുപോലെ, ഇംഗ്ലണ്ട് ഇംഗ്ലീഷുകാരുടേതായതുപോലെ, ഫലസ്തീൻ അറബികളുടേതാണ്. ജൂതരെ അറബികൾക്കിടയിൽ കുടിയിരുത്തുന്നത് മനുഷ്യത്വവിരുദ്ധവും നികൃഷ്ടവുമാണ്. അഭിമാനികളായ അറബികളെ കീഴ്പ്പെടുത്തി മാതൃരാഷ്ട്രമായ ഫലസ്തീൻ പൂർണമായോ ഭാഗികമായോ ജൂതരിലേക്ക് വീണ്ടെടുക്കപ്പെടുന്നത് മനുഷ്യത്വത്തോട് ചെയ്യുന്ന മഹാ അക്രമമായിരിക്കുമെന്നതിൽ എനിക്ക് സംശയമില്ല.”

സയണിസത്തോടും ഫലസ്തീൻ പ്രശ്നത്തോടുമുള്ള ഗാന്ധിജിയുടെ നിലപാടുകൾ ഒട്ടനവധി അർഥതലങ്ങളുള്ളതാണ്. അതിൽ ധാർമിക നിലപാടുകൾ മുതൽ രാഷ്ട്രീയ യാഥാർഥ്യങ്ങൾ വരെ ഉൾക്കൊള്ളുന്നുണ്ട്. വേർപ്പെടുത്താനാവാത്ത ഒന്നായി മതത്തെയും രാഷ്ട്രീയത്തെയും നോക്കിക്കണ്ട ഗാന്ധി സയണിസത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ ദേശീയതയെ അതിനിശിതമായി തന്നെ നിരാകരിച്ചുവെന്നത് ഏറെ താൽപര്യമുണർത്തുന്നതാണ്. രാഷ്ട്രീയ ആദർശമായി മതം വർത്തിക്കുന്നതിനെ അദ്ദേഹം അനുകൂലിച്ചിരുന്നില്ല. എന്നാൽ ദേശരാഷ്ട്ര-രാഷ്ട്രീയത്തിന് (Nation-State Politics) ഒരു ധാർമിക വ്യാപ്തി നൽകുന്നതാവണം മതമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഗാന്ധിയെ സംബന്ധിച്ചേടത്തോളം ഈയൊരു വ്യതിരിക്തത പരമപ്രധാനമായിരുന്നു. സയണിസത്തിന്റെ കാര്യത്തിലെന്ന പോലെ ഒരു ദേശരാഷ്ട്ര അവകാശവാദത്തിനു വേണ്ടിയുള്ള ഏക മതാത്മക നീതീകരണം ഒരർഥത്തിലും ഗാന്ധിയിൽ താൽപര്യമുണർത്തിയില്ല.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ ഫലസ്തീന്റെ ചരിത്രം രണ്ടു തരത്തിലുള്ള ദേശീയതകൾ തമ്മിലുള്ള തർക്കത്തിന്റേതാണ്. കൂട്ടത്തോടെയുള്ള ജൂതകുടിയേറ്റത്തിലൂടെ ഫലസ്തീൻ പ്രദേശം കോളനിവത്കരിച്ചുകൊണ്ട് ഒരു ജൂതരാഷ്ട്രം നിർമിക്കാൻ പടപൊരുതുന്ന സയണിസ്റ്റ് ദേശീയതയും സാമ്രാജ്യത്വ കൊളോണിയൽ ശക്തികളിൽനിന്നും

**ഗാന്ധിയും കോൺഗ്രസും ഫലസ്തീൻ അറബ് ദേശീയതയെ അതിശക്തമായി പിന്തുണച്ചു. ഗാന്ധിജിയാവട്ടെ, സയണിസ്റ്റ് ദേശീയതയെ പാടേ നിരാകരിക്കുകയും ചെയ്തു. ഇത്തരമൊരു നിലപാടിനു പിന്നിലെ പ്രേരകശക്തി ഇന്ത്യക്കാരുടെയും ഫലസ്തീനികളുടെയും സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ പൊതുപൈതൃകമായിരുന്നു.**

ഫലസ്തീൻ ഭൂമി വിമോചിപ്പിച്ചെടുക്കാൻ പോരാട്ടത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന തദ്ദേശവാസികളുടെ ഫലസ്തീൻ അറബ് ദേശീയതയും.

അറബ് ലോകത്ത് നടക്കുന്ന ദേശീയവും സാമ്രാജ്യത്വവിരുദ്ധവുമായ സമരപോരാട്ടങ്ങളെക്കുറിച്ച് ഭാരതീയരിൽ അവബോധമുണ്ടാക്കുന്നതിൽ ദേശീയ സമരനായകൻ എന്ന നിലയിലും ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിന്റെ ശക്തനായ അമരക്കാരൻ എന്ന നിലയിലും മുപ്പതുകളിലും നാൽപതുകളിലും ഗാന്ധിജി സജീവമായി വ്യാപൃതനായി. 1937 ലെ എ.ഐ.സി.സി കൊൽക്കത്ത സമ്മേളനം ഫലസ്തീനുമായി ബന്ധപ്പെട്ട വിഭജന നിർദേശത്തെയും സയണിസ്റ്റ് ഭീകരതയെയും ശക്തമായി എതിർക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിന് വേണ്ടി പൊരുതുന്ന അറബ് ജനതയോടുള്ള ഇന്ത്യൻ ജനതയുടെ ഐക്യദാർഢ്യം അറിയിക്കാനും പ്രസ്തുത സമ്മേളനം തയാറായി. 1938 സെപ്റ്റംബറിലെ എ.ഐ.സി.സി ദൽഹി സമ്മേളനം അറബ് -ജൂതന്മാർക്കിടയിലെ പ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം കാണാൻ, ഈ പ്രശ്നം ജൂതന്മാർക്കും അറബികൾക്കും വിട്ടുകൊടുക്കാൻ ബ്രിട്ടനോടാവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കി. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ പിറകിൽ അഭയം തേടരുതെന്ന് പ്രമേയം ജൂതന്മാരോട് പ്രത്യേകം ഉണർത്തി. ബ്രിട്ടീഷുകാരുടെ സഹായം നിരസിക്കുന്നതിലൂടെ അറബികളുടെ സൗമനസ്യം നേടിയെടുക്കാൻ ഫലസ്തീനിലെ ജൂതന്മാരോട് ഗാന്ധിജി ആവശ്യപ്പെട്ടു.

അപ്രകാരം ഗാന്ധിയും കോൺഗ്രസും ഫലസ്തീൻ അറബ് ദേശീയതയെ അതിശക്തമായി പിന്തുണച്ചു. ഗാന്ധിജിയാവട്ടെ, സയണിസ്റ്റ് ദേശീയതയെ പാടേ നിരാകരിക്കുകയും ചെയ്തു. ഇത്തരമൊരു നിലപാടിനു പിന്നിലെ പ്രേരകശക്തി ഇന്ത്യക്കാരുടെയും ഫലസ്തീനികളുടെയും സാമ്രാജ്യത്വവിരുദ്ധ സമരത്തിന്റെ പൊതുപൈതൃകമായിരുന്നു. സയണിസ്റ്റ് സിദ്ധാന്തത്തോടുള്ള ഗാന്ധിയുടെ വീക്ഷണവും ഫലസ്തീൻ പ്രശ്നത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ഫലസ്തീൻ പ്രശ്നത്തോടുള്ള സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ നിലപാടുകളെ വളരെയേറെ സ്വാധീനിക്കുകയുണ്ടായി.

ഫലസ്തീനിലെ അറബികളോടും ജർമനിയിലെ ജൂതന്മാരോടുമുള്ള ഗാന്ധിജിയുടെ നിർദേശം അഹിംസയിലൂന്നിയ പ്രതിരോധമായിരുന്നു. ജർമനിയിലെ ജൂതരുടെ പ്രശ്നത്തിലിടപ്പെട്ടുകൊണ്ട് ഗാന്ധിജി ഇങ്ങനെ കുറിച്ചു: “വ്യക്തമായ കാഴ്ചപ്പാടോടെയും സധൈര്യവും ആരെങ്കിലും ഒരാൾ അഹിംസാമാർഗത്തിൽ അവരെ നയിക്കാൻ തയാറായാൽ അവരുടെ നിരാശയുടെ ശൈത്യകാലം പ്രതീക്ഷയുടെ വേനലിലേക്ക് പൊടുന്നനെ വഴിമാറുന്നത് ദർശിക്കാനാവും.”

അദ്ദേഹത്തിന്റെ സയണിസത്തോടുള്ള സമീപനവും ജർമനിയിലെ ജൂതസമൂഹത്തോടുള്ള അഹിംസയിലൂന്നിയ പ്രവർത്തനത്തിനുള്ള ആഹ്വാനവും ജൂതരിൽ നിരാശയും വിദ്വേഷവും ജനിപ്പിക്കാനിടയാക്കി. പ്രമുഖ യുദ്ധവിരുദ്ധനായ മാർട്ടിൻ ബബറിനെ പോലുള്ളവരെ ഗാന്ധിജിയുടെ സയണിസ്റ്റ് വിരുദ്ധ നിലപാടുകൾ ഏറെ ചൊടിപ്പിച്ചു. സയണിസത്തിന്റെ ആത്മാവ് അറിയുന്നതിൽ ഗാന്ധിജിക്ക് പിഴച്ചു എന്നുവരെ അവർ കുറ്റപ്പെടുത്തി. *ഹരിജനി*ലെ മുഖപ്രസംഗത്തിനുള്ള മറുപടിയിൽ മാർട്ടിൻ ഇപ്രകാരം എഴുതി: “മഹാത്മാ, താങ്കൾ ഒരു വിഭാഗത്തിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ച് മാത്രമേ പരിഗണിക്കുന്നുള്ളൂ. ഒരുതുണ്ട് സ്വതന്ത്രഭൂമിക്കുവേണ്ടി ഉൽക്കടമായി അഭിലഷിക്കുന്ന മറ്റൊരു വിഭാഗത്തിന്റെ അവകാശത്തെ താങ്കൾ പരിഗണിക്കുന്നേയില്ല.” നേരത്തെ പരാമർശിച്ചതുപോലെ, ഫലസ്തീനിൽ സ്വതന്ത്രമായ ഒരു പ്രദേശത്തിനു വേണ്ടിയുള്ള സയണിസ്റ്റുകളുടെ കൊതിയെ ഒരു അവകാശമായി കാണാൻ പോലും ഗാന്ധി വിസമ്മതിച്ചു.

ഗാന്ധിയെ സംബന്ധിച്ചേടത്തോളം അഹിംസാരീതി യുദ്ധവിരുദ്ധമോ പ്രതിരോധമോ ആയ പ്രവൃത്തി ആയിരുന്നില്ല. അതൊരു യുദ്ധമുറ തന്നെയായിരു

ന്നുവെന്ന് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഈ അക്രമരഹിത യുദ്ധം അച്ചടക്കവും പരിശീലനവും ശത്രുവിന്റെ ശക്തിദൗർബല്യങ്ങളെക്കുറിച്ച ശരിയായ അറിവും വേണ്ടുവോളം ആവശ്യപ്പെടുന്നുണ്ട്. പോൾ പവറിന്റെ അഭിപ്രായത്തിൽ സുപ്രധാനമായ ചില കാര്യങ്ങളാണ് ഗാന്ധിയുടെ സയണിസത്തോടുള്ള നിലപാടിനെ സ്വാധീനിച്ചത്. ഒന്നാമതായി, ഫലസ്ത്വീനിൽ സ്വന്തമായൊരു മാതൃരാജ്യമെന്ന സയണിസ്റ്റ് നിലപാടിനെ ശക്തമായെതിർക്കുന്ന മധ്യപൗരസ്ത്യ അറബികളോടുള്ള അനുകമ്പ കാരണം സയണിസ്റ്റ് വിരുദ്ധരായിത്തീർന്ന ഇന്ത്യൻ മുസ്‌ലിംകളുടെ മാനസിക നിലയുമായി ഗാന്ധിജിക്ക് വൈകാരിക അടുപ്പമുണ്ടായിരുന്നു. രണ്ടാമതായി, തന്റെ അഹിംസാ മാർഗവുമായി ഒരു നിലക്കും രാജിയാവാൻ സാധിക്കാത്ത സയണിസ്റ്റ് രീതിയെ ഗാന്ധിജി ശക്തിയായി എതിർത്തു. മൂന്നാമതായി, ഏതെങ്കിലും ഒരു മതത്തെ മാത്രം അടിസ്ഥാനപ്പെടുത്തി സ്ഥാപിക്കപ്പെടുന്ന രാഷ്ട്രം തന്റെ ബഹുദേശീയ കാഴ്ചപ്പാടിന് എതിരാണെന്നും സയണിസം മുന്നോട്ടുവെക്കുന്ന രാഷ്ട്രം അത്തരത്തിലുള്ളതാണെന്നും ഗാന്ധിജി കണ്ടു.

ഗാന്ധിജിയിൽ സയണിസ്റ്റ് അനുകൂല നിലപാട് രൂപപ്പെടുത്തിയെടുക്കാനുള്ള സയണിസ്റ്റുകളുടെ എല്ലാ ശ്രമങ്ങളെയും അദ്ദേഹം പരാജയപ്പെടുത്തി. ഗാന്ധിജിയെ സ്വാധീനിക്കാനുള്ള അവരുടെ വിഫല ശ്രമത്തെകുറിച്ച് ജി.എച്ച് ജാൻസെൻ എഴുതി: "സയണിസത്തോടുള്ള ഗാന്ധിയുടെ എതിർപ്പ് ഇരുപത് വർഷത്തോളം സ്ഥിരമായി നിലകൊണ്ടു. സയണിസ്റ്റുകൾ ഏറെ നിപുണത നേടിയ ലോബിംഗിലൂടെ പ്രേരണാ സമ്മർദതന്ത്രങ്ങളിലൂടെ കിണഞ്ഞു ശ്രമിച്ചിട്ടും അദ്ദേഹം തന്റെ നിലപാടിൽനിന്നും വ്യതിചലിച്ചില്ല". ഗാന്ധിയിൽ നിന്നും സയണിസത്തിന് അനുകൂലമായ പ്രതികരണം ലഭിക്കാൻ സയണിസ്റ്റുകൾ നടത്തിയ ചുരുങ്ങിയത് നാല് ശ്രമങ്ങളെങ്കിലും ജാൻസെൻ ചൂണ്ടിക്കാണിക്കുന്നു.

ഗാന്ധിയുടെ ദക്ഷിണാഫ്രിക്കയിലെ സുഹൃത്തായിരുന്ന Hermann Kallenbach 1937ൽ ഇന്ത്യയിലേക്ക് വന്നു. ആഴ്ചകളോളം ഗാന്ധിയോടൊപ്പം താമസിച്ച് സയണിസത്തിന്റെ അപദാനങ്ങൾ അദ്ദേഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. 1930ൽ റബ്ബി സ്റ്റീഫൻ വൈസിന്റെ അഭ്യർഥന പ്രകാരം അമേരിക്കക്കാരനായ ജോൺ ഹെയ്നസ് ഹോംസ്, ഗാന്ധിയിൽനിന്ന് സയണിസത്തിന് അനുകൂലമായ പരാമർശങ്ങൾ കിട്ടാൻ ഏറെ പണിപ്പെടുകയുണ്ടായി. 1946 മാർച്ചിൽ ലേബർ പാർട്ടിയുടെ ബ്രിട്ടീഷ് എം.പി സിഡ്നി സിൽവർ മാൻ ഗാന്ധിയുടെ മനസ്സുമാറ്റാൻ ഒരു ശ്രമം നടത്തി. ചൂടേറിയ അവരുടെ സംഭാഷണത്തിനൊടുവിൽ ഗാന്ധിജി പറഞ്ഞു: "നമ്മുടെ സംസാരത്തിനൊടുവിലും ഞാൻ താങ്കളോട് ആദ്യം പറഞ്ഞ നിലപാടിൽനിന്നും വ്യതിചലിക്കാൻ എനിക്ക് കഴിയില്ല." ഗാന്ധിയുടെ മനസ്സുമാറ്റാൻ നാലാമതൊരു ശ്രമമുണ്ടായത് അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ കൂടിയായ ലൂയിസ് ഫിസ്ചറിന്റെ ഭാഗത്തുനിന്നായിരുന്നു.

1946 ജൂലൈ 14ന് ഫലസ്ത്വീൻ-സയണിസ്റ്റ് പ്രശ്നത്തിൽ തന്റെ നിലപാട് ഗാന്ധി ഇങ്ങനെ വ്യക്തമാക്കി: "ഈ വിഷയത്തിൽ ലൂയിസ് ഫിസ്ചറുമായുള്ള സംഭാഷണ മധ്യേ ഞാൻ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ലോകം ജൂതരോട് ക്രൂരമായ അപരാധങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു."

പക്ഷേ തന്റെ ആദ്യ നിലപാടുകളിലേക്ക് തിരിച്ചുപോയിക്കൊണ്ട് ഗാന്ധി അസന്ദിഗ്ധമായി പ്രഖ്യാപിച്ചു: "എന്റെ അഭിപ്രായത്തിൽ അവർ (ജൂതന്മാർ) അമേരിക്കയുടെയും ബ്രിട്ടന്റെയും സഹായത്തോടെയും, ഇപ്പോൾ കൊടിയ ഭീകരതയുടെ പിൻബലത്തോടെയും ഫലസ്ത്വീന്റെ മേൽ തങ്ങളെ സ്വയം അടിച്ചേൽപിക്കുക വഴി വലിയ അപരാധമാണ് ചെയ്തിട്ടുള്ളത്. എന്തിനാണ് തങ്ങൾ അനഭിമതരായ ഒരു പ്രദേശത്തെ കീഴടക്കുന്നതിന് വേണ്ടി അമേരിക്കൻ പണത്തെയും ബ്രിട്ടീഷ് ആയുധത്തെയും അവർ ആശ്രയിക്കുന്നത്? അവരെന്തിന് ഭീകരതയിൽ അഭയം തേടണം?" ശക്തി പ്രഭാവത്തിലൂടെ മാത്രമേ ഫലസ്ത്വീനിൽ തങ്ങളുടെ മാതൃരാഷ്ട്രത്തിന്റെ സംസ്ഥാപനം ഉറപ്പുവരുത്താനാവൂ എന്ന് ഗണ്യമായ ഒരു വിഭാഗം ജൂതന്മർ കരുതി. തങ്ങളുടെ ദേശീയ ലക്ഷ്യം നേടിയെടുക്കാൻ അവർ ഭീകരതയെ ഉപാധിയായി സ്വീകരിച്ചു. സയണിസ്റ്റ് ഭീകരത ഫലസ്ത്വീനികളെ കീഴ്പ്പെടുത്തുന്നത് ഗാന്ധിക്ക് ഒരു നിലക്കും അംഗീകരിക്കാനാകുമായിരുന്നില്ല.

കൊല്ലപ്പെടുന്നതിന് ഏതാനും മാസം മുമ്പ് *റോയിട്ടർ* പ്രതിനിധി ഡൂൺ ക്യാംപൽ അദ്ദേഹത്തോട് ചോദിച്ചു: "എന്താണ് ഫലസ്ത്വീൻ പ്രശ്നത്തിന് പരിഹാരം?" അദ്ദേഹം പറഞ്ഞു: "ഏറെക്കുറേ അപരിഹാര്യമായ ഒരു പ്രശ്നമായി അത് മാറിക്കഴിഞ്ഞു. ഞാനൊരു ജൂതനായിരുന്നുവെങ്കിൽ അവരോട് പറയുമായിരുന്നു: ജൂതന്മാർ അറബികളെ കാണണം, അവരെ കൂട്ടുകാരാക്കണം, ഒരിക്കലും അമേരിക്കയുടെയോ ബ്രിട്ടന്റെയോ സഹായത്തെ ആശ്രയിക്കരുത്." ■

(*കമ്യൂണലിസം കോംപാറ്റ്*,
2009 ജനുവരി)

**വിവ: ഒ. സഫറുല്ല**